<u>**15 -ാം കേരള നിയമസഭ**</u>

<u>**11 -ാം സമ്മേളനം**</u>

<u>**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 5146**</u> <u>**04-07-2024 - ൽ മറുപടിയ്ക്ക്**</u>

<u>**എംപ്ലോയ്മെന്റ് എക്സ്ചേഞ്ച് വഴിയുള്ള നിയമനങ്ങൾ**</u>

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| **ശ്രീ. കെ. പി. എ. മജീദ്, ശ്രീ. എ. കെ. എം. അഷ്റഫ്, ശ്രീ. പി. ഉബൈദുള്ള , ശ്രീ. യു. എ. ലത്തീഫ്** | | **ശ്രീ വി ശിവൻകുട്ടി (പൊതുവിദ്യാഭ്യാസ-തൊഴിൽ വകുപ്പ് മന്ത്രി)** | |
| (എ) | പബ്ലിക് സർവ്വീസ് കമ്മീഷന്റെ നിയമന പരിധിയിൽ ഉൾപ്പെടാത്ത എല്ലാ പൊതുമേഖലാ സ്ഥാപനങ്ങളിലും മറ്റ് സർക്കാർ നിയന്ത്രിത സ്ഥാപനങ്ങളിലും എംപ്ലോയ്മെന്റ് എക്സ്ചേഞ്ച് മുഖേന നിയമനം നടത്തണമെന്ന നിർദ്ദേശം നിലവിലുണ്ടോ; | (എ) | കേരള സ്റ്റേറ്റ് ആൻഡ് സബോർഡിനേറ്റ് സർവീസ് റൂൾസ് ബാധകമാക്കിയിട്ടുള്ള സ്ഥാപനങ്ങളിലെ താത്ക്കാലിക നിയമനങ്ങൾ എംപ്ലോയ്മെന്റ് എക്സ്ചേഞ്ച് മുഖേന KS&SSR rule 9a(i) പ്രകാരമാണ് നടത്തേണ്ടത്. എംപ്ലോയ്മെന്റ് എക്സ്ചേഞ്ച് മുഖേനയുള്ള താത്ക്കാലിക നിയമനങ്ങൾ എംപ്ലോയ്മെന്റ് എക്സ്ചേഞ്ച് മുഖേന നടപ്പാക്കണമെന്നും പി. എസ്.സി യുടെ പരിധിയിൽ വരാത്ത എല്ലാ ഒഴിവുകളും എംപ്ലോയ്മെന്റ് മുഖേന നടത്തണമെന്ന് വകുപ്പ് മേധാവികൾക്ക് സർക്കാർ കാലാകാലങ്ങളിൽ കർശന നിർദേശം നൽകിയിട്ടുണ്ട്.<br>1959 ലെ കമ്പൽസറി നോട്ടിഫിക്കേഷൻ ഓഫ് വേക്കൻസീസ് ആക്ട് പ്രകാരം സർക്കാർ വകുപ്പുകൾ/ പൊതുമേഖലാ സ്ഥാപനങ്ങൾ/ ബോർഡുകൾ/ കമ്പനികൾ/ കോർപ്പറേഷനുകൾ/ സർക്കാർ ഗ്രാൻഡിൽ പ്രവർത്തിക്കുന്ന മറ്റു സ്ഥാപനങ്ങൾ എന്നിടങ്ങളിലെ പി എസ് സി യുടെ പരിധിക്കു പുറത്തുവരുന്ന എല്ലാ നിയമനങ്ങളും എംപ്ലോയ്മെന്റ് മുഖേന CNV ആക്റ്റിന്റെ വ്യവസ്ഥകൾക്ക് വിധേയമായി എംപ്ലോയ്മെന്റ് എക്സ്ചേഞ്ചിൽ നിർബന്ധമായും അറിയിച്ച് എക്സ്ചേഞ്ചിന്റെ സേവനം പ്രയോജനപ്പെടുത്തണമെന്ന് വ്യവസ്ഥ ചെയ്യുന്നുണ്ട്. മേൽസ്ഥാപങ്ങളിലെ പി എസ് സി യുടെ പരിധിയിൽ വരാത്ത ഒഴിവുകൾ എംപ്ലോയ്മെന്റ് എക്സ്ചേഞ്ചിൽ നിന്നും നിയമനം നടത്തണമെന്നും, ഇതിനു വിപരീതമായി പ്രവർത്തിക്കുന്ന വകുപ്പ് മേധാവികൾക്കും/ തലവന്മാർക്കുമെതിരെ കർശന നടപടി സ്വീകരിക്കുന്നതാണെന്നും എല്ലാ വകുപ്പ് മേധാവികൾക്കും കർശന നിർദേശം നൽകിയിട്ടുണ്ട്. |

| | | | |
|---|---|---|---|
| (ബി) | നിയമനത്തിന് യോഗ്യരായവർ ഇല്ലെന്ന സർട്ടിഫിക്കറ്റ് എംപ്ലോയ്മെന്റ് എക്സ്ചേഞ്ചിൽ നിന്നും വാങ്ങിയ ശേഷമേ നേരിട്ടുള്ള നിയമനം നടത്താൻ പാടുള്ളൂവെന്ന വ്യവസ്ഥയുണ്ടോ; | (ബി) | എംപ്ലോയ്മെന്റ് എക്സ്ചേഞ്ചിൽ അറിയിക്കപ്പെട്ട വേക്കൻസികൾക്ക് യോഗ്യരായവർ ഇല്ലെന്ന സർട്ടിഫിക്കറ്റ് ബന്ധപ്പെട്ട എംപ്ലോയ്മെന്റ് എക്സ്ചേഞ്ചിൽ നിന്നും വാങ്ങിയ ശേഷമേ നേരിട്ട് നിയമനം നടത്താൻ പാടുള്ളുവെന്ന വ്യവസ്ഥയുണ്ട്.<br><br>എംപ്ലോയ്മെന്റ് എക്സ്ചേഞ്ചിൽ അറിയിക്കപ്പെട്ട വേക്കൻസി സംസ്ഥാന തലത്തിൽ സർക്കുലേറ്റ് ചെയ്തിട്ടും യോഗ്യരായ ഉദ്യോഗാർത്ഥികളെ ലഭ്യമായിട്ടില്ല എങ്കിൽ പത്രം/റേഡിയോ തുടങ്ങിയ മാധ്യമങ്ങളിലൂടെ ടി ഒഴിവ് പ്രസിദ്ധീകരണം നടത്തിയിട്ടും ഉദ്യോഗാർത്ഥികളെ ലഭ്യമല്ല എന്ന് ഉറപ്പ് വരുത്തിയതിന് ശേഷം മാത്രം ഉദ്യോഗദായകന് നോൺ അവൈലബിലിറ്റി സർട്ടിഫിക്കറ്റ് (NAC) നൽകുന്നു. |
| (സി) | എങ്കിൽ പ്രസ്തുത വ്യവസ്ഥകൾ ലംഘിച്ച് നിയമനം നടത്തുന്നതായി കണ്ടെത്തിയിട്ടുണ്ടോ; | (സി) | വകുപ്പുതല പരിശോധനകളിൽ മേൽ പറഞ്ഞ വ്യവസ്ഥകൾ ലംഘിച്ച് ചില നിയമനങ്ങൾ നടത്തിയിട്ടുള്ളതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. |
| (ഡി) | ഇപ്രകാരം നിയമനം നടത്തുന്നവർക്കെതിരെ എന്തെല്ലാം നടപടികൾ സ്വീകരിക്കാനാണ് ഉദ്ദേശിക്കുന്നത്; വിശദമാക്കുമോ? | (ഡി) | വകുപ്പിലെ ആക്ട് എൻഫോഴ്സ്മെന്റ് ഓഫീസർമാരായ ജില്ലാ എംപ്ലോയ്മെന്റ് ഓഫീസർ/ എംപ്ലോയ്മെന്റ് ഓഫീസർമാരുടെ നേതൃത്വത്തിൽ നടത്തുന്ന പരിശോധനകളിലും, അനധികൃത നിയമനം സംബന്ധിച്ച് പൊതുജനങ്ങളിൽ നിന്ന് ലഭിക്കുന്ന പരാതികളിൻ മേൽ നടത്തുന്ന പരിശോധനകളിലും അനധികൃത/കരാർ/ ദിവസവേതന വ്യവസ്ഥയിലുള്ള നിയമനങ്ങൾ നടത്തുന്നതായി ശ്രദ്ധയിപ്പെടുന്ന പക്ഷം കരാർ നിയമനങ്ങൾ റദ്ദ് ചെയ്ത് എംപ്ലോയ്മെന്റ് എക്സ്ചേഞ്ചുകളിൽ ഒഴിവ് അറിയിച്ച് നിയമനം നടത്തുന്നതിന് ബന്ധപ്പെട്ട ഉദ്യോഗദായകന് നിർദ്ദേശങ്ങൾ നൽകി തുടർ നടപടികൾ സ്വീകരിക്കാറുണ്ട്. |

സെക്ഷൻ ഓഫീസർ